Veekshanam 29-09-18, P-02

# കാർഷിക സർവ്വകശാല പരീക്ഷാ നടത്തിപ്പും മൂല്യ നിർണയവും ഓൺ ലൈൻ ആക്കുമെന്ന്

തൃശൂർ:പരീക്ഷാ നടത്തിപ്പും മൂല്യ നിർണയവും ഓൺ ലൈൻ രീതിയിലേക്ക് മാറ്റുന്നതുൾപ്പെടെയുള്ള അക്കാദമിക് പരിഷ്കാരങ്ങൾക്ക് കേരള കാർഷിക സർവകലാശാലാ അക്കാദമിക് കൗൺസിൽ അംഗീകാരം നല്കി. ആദ്യം ബിരുദ തലത്തിൽ ഏർപ്പെടുത്തുന്ന പരീക്ഷാ സമ്പ്രദായ മാറ്റം ഘട്ടമായി സമ്പൂർണമാക്കുമെന്ന് അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ.ആർ.ചന്ദ്രബാബു പറഞ്ഞു. നാനോ ടെക്നോളജി, റിമോട്ട് സെൻസിങ്ങ് & ജിയൊഗ്രാഫിക്കൽ ഇൻഫർമേഷൻ, സുസ്ഥിര കൃഷിയും ജൈവ മുറകളും, ബൗദ്ധിക സ്വത്തവകാശവും വ്യാപാരവും എന്നിങ്ങനെ പുതിയ നാലു പഠനശാഖകൾ തുടങ്ങാനുള്ള നടപടികൾക്ക് പ്രാരംഭ രൂപം നല്കാനും കൗൺസിൽ തീരുമാനിച്ചു.

സർവകലാശാലാ കൊൺ വൊക്കേഷൻ നവംബറിൽ നടത്തും. കലാ, കായിക രംഗങ്ങളിൽ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ,പി എച്ച് ഡി സീറ്റുകളിൽ വർദ്ധന വരുത്താനുള്ള നിർദ്ദേശ്ശങ്ങൾ, എല്ലാ ബിരുരുദാനന്തര ബിരുദ, ഗവേഷണ വിദ്യാർത്ഥികൾക്കും ഫെലൊഷിപ് തുടങ്ങിയ നിർദ്ദേശ്ശങ്ങളും കൗൺസിൽ അംഗീകരിച്ചു. രജിസ്ട്രാർ ഡോ.പി.എസ്.ഗീതകുട്ടി, അക്കാദമിക് ഡയറക്ടർ ഡോ.സാറ ടി ജോർജ്ജ്, പരീക്ഷാ കൺ ട്രോളർ ഡോ.ഡി.ഗിരിജ, ഫാക്കൽ റ്റി ഡീൻ മാരായ ഡോ.എ.അനിൽ കുമാർ, ഡോ.കെ. വിദ്യാസാഗരൻ, ഡോ.കെ.കെ.സത്യൻ, ഗവേഷണ ഡയറക്ടർ ഡോ.പി.ഇന്ദിരാദേവി, വിജ്ഞാന വ്യാപന ഡയറക്ടർ ഡോ.ജിജു.പി.അല്ക്സ്,ആസൂത്രണ ഡയറക്ടർ ഡോ.ടി.പ്രദീപ് കുമാർ, വിദ്യാർത്ഥി ക്ഷേമ ഡയറക്ടർ ഡോ.മനോജ് ഇക്ബാൽ, ഡോ.ജോർജ് തോമസ്, ഡോ.പി.ആർ.സുരേഷ്, ഡോ.പി.ഷഹീന, ഡോ.പി.ഒ.നമീർ, ഡോ.എം.സി.നാരായണൻകുകുട്ടി, ഡോ.എ.വി.സന്തോഷ് കുമാർ, ഡോ.എം.ജോയി, ഡോ.ശിവജി, അർച്ചനാ ഉണ്ണികൃഷ്ണൻ, ഹേന.എം സംബന്ധിച്ചു.